# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 73**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

**കർത്താവിൽ വാത്സല്യമുള്ളവരെ,**

നമ്മുടെ വൈദികരെയും അവരുടെ കുടുംബാംഗങ്ങളെയും രോഗാവസ്ഥയിൽ സഹായിക്കേണ്ട ചുമതല നമുക്കുണ്ട്. മരുന്നിന്റെയും ചികിത്സയുടെയും ചെലവുകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ചികിത്സയിൽ അച്ചന്മാരെ സഹായിക്കുന്നതിന് വേണ്ടിയാണ് എല്ലാ വർഷവും ജൂൺ ഒന്നാം ഞായറാഴ്ച പട്ടക്കാരുടെ ചികിത്സാ സഹായ നിധി ശേഖരിക്കുന്നത്.

സഭാ കൗൺസിലിന്റെ തീരുമാനപ്രകാരം 01.04.2016 മുതൽ സജീവ സേവനത്തിലുള്ള ഓരോ പട്ടക്കാരനും ബന്ധപ്പെട്ട ഇടവകയും സ്ഥാപനവും അടിസ്ഥാന ശമ്പളത്തിന്റെ 4% വീതം മാസംതോറും ഈ പദ്ധതിയിൽ വരിസംഖ്യയായി അടച്ചുവരുന്നു. ഒന്നിലധികം ഇടവകകൾ/സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആനുപാതികമായി തങ്ങളുടെ വിഹിതം നൽകേണ്ടതാണ്. സാലറി അഡ്ജസ്റ്റ്മെന്റ് ഫണ്ടിൽ നിന്നും പട്ടക്കാർക്ക് ശമ്പളം നൽകുന്ന ഭദ്രാസനങ്ങളും തങ്ങളുടെ വിഹിതം അടയ്ക്കേണ്ടതാണ്. ഇന്ത്യയ്ക്ക് പുറത്ത് സേവനം ചെയ്യുന്ന പട്ടക്കാരന് മൊത്തശമ്പളത്തിന്റെ 4% വീതം 31.12.2022 വരെയും 2% വീതം 01.01.2023 മുതൽ മാസംതോറും വിഹിതമായി അടയ്ക്കേണ്ടതാണ്. റിട്ടയർ ചെയ്തവരും, രോഗഗ്രസ്ഥരായി വിശ്രമിക്കുന്നവരുമായ പട്ടക്കാരുടെ പെൻഷൻ/അലവൻസിന്റെ 3% കുറവ് ചെയ്ത് പെൻഷൻ/അലവൻസ് നൽകുന്നു.

നിലവിലുള്ള IP സാമ്പത്തിക സഹായം 1,00,000 രൂപാ ഇപ്പോഴത്തെ ചികിത്സാ ചെലവിന് തുലോം പരിമിതമാകയാൽ 09.12.2022-ൽ കൂടിയ സഭാ കൗൺസിൽ തീരുമാനപ്രകാരം ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നിലവിലുള്ള വരിസംഖ്യ അതേപോലെതന്നെ നിലനിർത്തിക്കൊണ്ട് ഒരു ഫാമിലിക്ക് 3,00,000 രൂപാ (മൂന്ന് ലക്ഷം രൂപാ) കവറേജ് ലഭിക്കുന്ന പുതിയ മെഡിക്കൽ ഇൻഷുറൻസ് പദ്ധതി 01.01.2023-ൽ നിലവിൽ വരുന്നതാണ്. ആയതിനാൽ 01.01.2023 മുതലുള്ള IP ചികിത്സക്ക്, സഭാ ആഫീസിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതല്ല എന്ന് ഇതിനാൽ അറിയിക്കുന്നു. എന്നാൽ OP ഇനത്തിൽ 35,000 രൂപാ വരെ സഭാ ആഫീസിൽ നിന്നും തുടർന്നും ലഭിക്കുന്നതാണ്.

31.12.2022 വരെ പുതിയ ഇൻഷുറൻസ് പദ്ധതിയിൽ ചേർന്ന സജീവ സേവനത്തിലുള്ള പട്ടക്കാർക്കും 85 വയസിനു താഴെയുള്ള വിരമിച്ച പട്ടക്കാർക്കും ഇൻഷുറൻസ് കവറേജ് ലഭിക്കുന്നതാണ്. നിലവിൽ കുടിശികയുള്ള പട്ടക്കാർക്ക് 2023 ജനുവരി 10-ന് അകം കുടിശിക തീർത്ത് പുതിയ മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ ചേരുവാൻ ഒരവസരം കൂടി നൽകുകയാണ്. എല്ലാ പട്ടക്കാരും ഈ പദ്ധതിയിൽ ചേരണമെന്ന് ഉദ്ബോധിപ്പിക്കുന്നു. പുതിയ ഇൻഷുറൻസ് പദ്ധതിയിൽ ചേരുവാൻ താല്പര്യമില്ലാത്ത പട്ടക്കാർ അതിനുള്ള കാരണം മെത്രാപ്പോലീത്തായെ രേഖാമൂലം അറിയിക്കേണ്ടതാണ്.

**വരിസംഖ്യ എല്ലാ മാസത്തിന്റേയും അവസാന തീയതിക്കു മുമ്പായി അടയ്ക്കണം.** 3 മാസം/6 മാസം/12 മാസം എന്നിങ്ങനെ മുൻകൂറായി അടയ്ക്കാവുന്നതാണ്. ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ (Online Fund Transfer) മുഖേന സഭാ ഓഫീസിൽ അടയ്ക്കേണ്ട വരിസംഖ്യയും മറ്റ് തുകകളും അടയ്ക്കുന്നതിനുള്ള ക്രമീകരണം സഭാ വെബ്സൈറ്റിൽ ചെയ്തിട്ടുണ്ട്. വരിസംഖ്യ അടയ്ക്കുന്നതിൽ പിഴവ് വന്നാൽ കുടിശിക ലിസ്റ്റിൽ പെടുത്തുന്നതും മെഡിക്കൽ ക്ലെയിമിനു തടസ്സം ഉണ്ടാകുന്നതുമാണ്. ഇപ്രകാരം വരിസംഖ്യ അടയ്ക്കാത്ത പക്ഷം ബന്ധപെട്ട ഇടവകയുടേയും സ്ഥാപനങ്ങളുടേയും ട്രസ്റ്റിമാർ ആയത് അച്ചന്മാരുടെ ശമ്പളത്തിൽ നിന്നും വസൂലാക്കി സഭാ ആഫീസിൽ അടയ്ക്കേണ്ടതാണ്. ആയതിനാൽ വരിസംഖ്യ ക്രമമായി അടയ്ക്കുന്നതിൽ പട്ടക്കാർ പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ ഇടവകകളും/സ്ഥാപനങ്ങളും ഇതിലേയ്ക്ക് ആവശ്യമായ തുകകൾ ബഡ്ജറ്റിൽ ഉൾകൊള്ളിക്കേണ്ടതാണ്

പ്രീയരെ, നമ്മുടെ പട്ടക്കാർ ശരീരത്തിലും മനസ്സിലും ആത്മാവിലും കൂടുതൽ ശക്തി പ്രാപിച്ച് സഭയിലും ലോകത്തിലും ദൈവമഹത്വത്തിനായി പ്രവർത്തിപ്പാൻ ആവശ്യമായ കൃപകൾ ദൈവം ചൊരിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2022 ഡിസംബർ 31-ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**